തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ, ബി) കാർഷികത്തൊഴിലാളി നിയമത്തിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നതിനു വ്യവസ്ഥയില്ല. എന്നാൽ പ്രസ്തുത നിയമത്തിൽ അനുശാസിക്കുന്ന പ്രൊവിഡൻറ് ഫണ്ട് പദ്ധതി ആദ്യഘട്ടമെന്ന നിലക്ക് പാലക്കാട് ജില്ലയിൽ മാത്രം 9-8-1979 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ ഉത്തരത്തിൻറെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ദേവസ്വം ജീവനക്കാരുടെ ശമ്പളപരിഷ്കരണം

* 57 [64] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിനെ തുടർന്നു ദേവസ്വം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ടോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ഭാസ്കരൻ കാളാശ്ശേരി):

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ കീഴിലുള്ള എസ്റ്റാബ്ലിഷ്മെൻറ്, കണ്ടിജൻസി തുടങ്ങിയ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പളം പരിഷ്കരിച്ചു ഉത്തരവായിട്ടുണ്ടെന്നു തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

ഹിന്ദുമത ധർമ്മസ്ഥാപനകമ്മീഷണറുടെ നിയന്ത്രണത്തിലുള്ള മലബാർ ഭാഗത്തെ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ശമ്പളം പരിഷ്കരിച്ചു നടപ്പാക്കിയിട്ടില്ല. ഓരോ ദേവസ്വവും അതാതിൻറെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ ശമ്പളം നിജപ്പെടുത്തുകയും പരിഷ്കരിക്കുകയും ചെയ്യുന്നത്.

കൊച്ചി ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കാരം സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ— ഭവനനിർമ്മാണപദ്ധതി

* 58 [65] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-80 സാമ്പത്തികവർഷത്തിലും 1,000 വീടുകൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുവാൻ കേരളാ പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു ഗവൺമെൻറ് അനുമതി നൽകിയോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly.